(ബി) ഉണ്ട്. പോലീസ് വകുപ്പിൽ നിന്നും 86, 337 രൂപയും വിജിലൻസ് വകുപ്പിൽ നിന്നും 7176 രൂപയും ലഭിച്ചിട്ടുണ്ട്. ഫയർ & റസ്ക്യൂ, ജയിൽ, കെമിക്കൽ എക്സാമിനേഷൻ വകുപ്പുകളിൽ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല.

## ഔദ്യോഗിക വാഹനത്തിൽ ചുവന്ന ലൈറ്റും നീല ലൈറ്റും ഉപയോഗിക്കാനുള്ള അവകാശം

**26 (5935)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക വാഹനത്തിൽ ചുവന്ന ടോപ്പ്ലൈറ്റ് ഉപയോഗിക്കാൻ അവകാശമുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ ; അത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) അധികാരപ്പെടുത്തപ്പെട്ടവരല്ലാതെ ആരെങ്കിലും അതുപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അനധികൃതമായി ഉപയോഗിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടി എന്തെന്ന് വെളിപ്പെടുത്തുമോ ; അത്തരം നടപടി എടുക്കേണ്ടത് ആരാണ് ;

(ഡി) നീലടോപ്പ് ലൈറ്റ് ഉപയോഗിക്കാൻ ആർക്കൊക്കെ അവകാശമുണ്ട് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച ലിസ്റ്റിൽ ആരെയെങ്കിലും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) ഔദ്യോഗിക വാഹനത്തിൽ ചുവന്ന ടോപ്പ് ലൈറ്റ് ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബഹു. കേരള ഗവർണർ.
2. ബഹു. കേരള മുഖ്യമന്ത്രി.
3. ബഹു. കേരള നിയമസഭാ സ്പീക്കർ
4. ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്.
5. ബഹു. കേരള മന്ത്രിമാർ.
6. ബഹു. കേരള പ്രതിപക്ഷനേതാവ്.
7. ബഹു. കേരള ചീഫ് വിപ്പ്.
8. ബഹു. കേരള ഹൈക്കോടതി ജഡ്ജിമാർ.
9. ബഹു. കേരള ഡെപ്യൂട്ടി സ്പീക്കർ.

LIBRARY ARCHIVES Kerala Legislative Assembly

10 ബഹു. കേരള ചീഫ് സെക്രട്ടറി.

11. ബഹു. കേരള ലോകായുക്ത ജഡ്ജി.

12. ബഹു. കേരള ഉപലോകായുക്ത ജഡ്ജി.

13. ബഹു. വൈസ് ചെയർമാൻ കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ.

14. ബഹു. കേരള അഡ്വക്കേറ്റ് ജനറൽ.

15. ബഹു. കേരള മുനിസിപ്പൽ കോർപ്പറേഷനിലെ മേയർമാർ.

ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) Sub rule (1) of rule 108 and Sub rule (2), (3) and (4) of Central Motor Vehicle Rule 1989 പ്രകാരം നടപടി സ്വീകരിക്കുന്നത് ആർ.ടി.ഒ. ആണ്.

(ഡി) 1. കേരള ഇലക്ഷൻ കമ്മീഷണർ.

2. ജില്ലാ കളക്ടർ.

3. എസ്. പി. ക്ക് മുകളിലുള്ള എല്ലാ പോലീസ് ഓഫീസർമാർ (L/O).

4. പ്രിൻസിപ്പൽ ജില്ലാ ജഡ്ജി.

5. സബ് ഡിവിഷണൽ മജിസ്ട്രേറ്റ്.

6. സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും (L/O Duty)

7. ബഹുമാന്യ വ്യക്തികളെ എസ്ക്കോർട്ട് ചെയ്യുന്ന വാഹനങ്ങൾ.

(ഇ) ഉൾപ്പെടുത്തിയിട്ടില്ല.

**ട്രാഫിക് സുരക്ഷ സംബന്ധിച്ച് ഉന്നതതല കമ്മിറ്റിയുടെ തീരുമാനങ്ങൾ**

27 (5936) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly